DESPATCHED On 08/06/2020

17.2.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1545(7)/2013**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 10421/എസ്.ഐ.സി–ജി 6/2013)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.ജയരാജൻ,
ശാരദാ നിവാസ്,
മാവിലായി പി.ഒ – 670622. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   പെരളശ്ശേരി ഗ്രാമപഞ്ചായത്ത് കാര്യാലയം,
   മുണ്ടലൂർ പി.ഒ, കണ്ണൂർ – 670 622.

2. അപ്പീൽ അധികാരി,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23.03.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.04.2013 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.05.2013 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 20.06.2013 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.07.2013 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 24.07.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ കെ.ജയരാജൻ, 20.07.2013 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 23.03.2013 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, അപ്പീൽ ഹർജിക്കാരൻ 23.03.2013 തീയതിയിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷ പ്രകാരം 07.04.2012 മുതൽ 20.04.2012 വരെ ടിയാന് എത്ര കത്തുകൾ അയച്ചിട്ടുണ്ടെന്ന വിവരങ്ങൾ തീയതിയും ഫയൽ നമ്പരും സഹിതം ടി എഴുത്തുകളുടെ പകർപ്പും മേൽപറഞ്ഞ തീയതികളിലെ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കണമെന്നാണ്.

3. രണ്ടാം എതിർകക്ഷി 20.09.2013 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപ്പീലിന്മേൽ അപ്പീൽ ഹർജിക്കാരനെയും ഒന്നാം എതിർകക്ഷിയെയും നേരിൽ കേൾക്കുകയും ചെയ്തു. തനിക്ക് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭ്യമായില്ലായെന്നും 10.04.2012 ലെ ബി1-8143/11 നമ്പർ കത്ത് ടിയാന് അയച്ചുകൊടുത്തിട്ടുള്ളതായി ഡെസ്പാച്ച് രജിസ്റ്ററിൽ കാണുന്നില്ലായെന്നും ഡെസ്പാച്ച് രജിസ്റ്ററിൽ പേജ് നമ്പറുകൾ കാണുന്നില്ലായെന്നും കൂടുതൽ പകർപ്പ് ഫീ ഈടാക്കി എന്നും അപ്പീൽ ഹർജിക്കാരൻ ആരോപിച്ചു. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും അപ്പീൽ ഹർജിക്കാരനു നൽകിയ മറുപടിയുടെ പകർപ്പും അസ്സൽ ഡെസ്പാച്ച് രജിസ്റ്ററും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയത് ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പുകൾ തന്നെയാണെന്നും ഡെസ്പാച്ച് രജിസ്റ്ററിലെ പേജ് നമ്പറുകൾ വ്യക്തമായി തന്നെ ടിയാന് നൽകിയ പകർപ്പിലും ഉള്ളതായി ബോദ്ധ്യപ്പെടുകയും ആയത് ഹർജിക്കാരനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ആവശ്യപ്പെട്ട രേഖകൾക്കായി അപ്പീൽ ഹർജിക്കാരനിൽ നിന്നും 18/- രൂപ ഈടാക്കിയ നടപടിക്രമം ശരിയല്ലായെന്നും ഈടാക്കാവുന്ന പരമാവധി തുക 16/- രൂപയാണെന്നും കണ്ടെതിനാൽ അധികമായി ഒടുക്കിയ 2 രൂപ തിരിച്ചു നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു എന്നുമറ്റുമാണ്.

5. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

6. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കും അപ്പീലിനും സമയബന്ധിതമായി എതിർകക്ഷികൾ മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ ആവശമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM